പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2305 **27-10-2026-ൽ മറുപടിയ്ക്ക്**

ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇൻഡസ്ട്രിയൽ പാർക്ക്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മാടപ്പള്ളിയിൽ പ്രഖ്യാപിച്ച ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിക്കായി നടപ്പു ബജറ്റിൽ 20 ശതമാനം ടോക്കൺ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ പാർക്കിന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനുമായി എന്തൊക്കെ പ്രാരംഭ നടപടികളാണ് ഇതുവരെ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത ഇൻഡസ്ട്രിയൽ പാർക്കിന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ബന്ധപ്പെട്ട ജനപ്രതിനിധിയുമായി കൂടിയാലോചിച്ച് തീരുമാനിക്കുന്നതാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച്, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയ്ക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പ്രതീക്ഷിത ചെലവും നിർമ്മാണ ഏജൻസിയും ഏതാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) ബജറ്റിൽ വകയിരുത്തിയ വിഹിതം ഉപയോഗിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് ഈ സർക്കാർ കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ